## 1195

1 പരനേ നിൻ തിരുമുമ്പിൽ വരുന്നോരീ സമയേ
ശരിയായ് പ്രാർത്ഥന ചെയ്‌വാൻ കൃപ നൽകിടണമേ-

2 ഞരങ്ങി ഞങ്ങളിൻ പേർക്കായിരന്നിടും പരനേ
വരികിന്നീയടിയാരിൽ ചൊരിക നിൻ വരങ്ങൾ

3 അനുഗ്രഹമുറിയിൻ പൂട്ടുകൾ താനേ തുറപ്പാൻ
കനിവോലുന്നൊരേശുവിൻ മനസ്സെന്നിൽ തരിക-

4 ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നിടണമേ
തുണ നീയെന്നിയെ വേറാരുമില്ലെന്നോർക്കണമേ- **T.J.V.**